**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3388** **26-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽരഹിതരാകണമെന്നുമില്ല.<br><br>2024 മാർച്ച് 31 വരെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2023-2024 സാമ്പത്തിക വർഷം (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ) സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ **14713** ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ; | (ബി) | തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് വഴി നിരവധി പദ്ധതികൾ |

തൊഴിൽ രഹിതർക്കുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ശരണ്യ, കെസ്റ്റ്, കൈവല്യ, മൾട്ടീപർപ്പസ് ജോബ്ക്ലബുകൾ, നവജീവൻ എന്നീ പേരുകളിൽ 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എകസ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ചുനടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യമേഖലകളിലേയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് വകുപ്പ് വഴി നൽകി വരുന്നുണ്ട്.

ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്കും, തൊഴിൽ രഹിതർക്കും അവരുടെ അഭിരുചിക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, തൊഴിൽ നേടുന്നതിനും പ്രപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) പദ്ധതി നടപ്പിലാക്കി വരുന്നു.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തൊഴിൽദായകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3289 ജോബ് ഡ്രൈവുകൾ നടത്തുകയും ആയത് വഴി 53128 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വിവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1.ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചി ക്കനുസൃതമായ തൊഴിൽ തെരെഞ്ഞെടുക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകി വരുന്നുണ്ട് .

2.കേന്ദ്ര/സംസ്ഥാന മേഖലകളിലെ സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി മുഖേന വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്തി ഉദ്യോഗാർത്ഥികളെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട് .

3.സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് മേഖല ജില്ലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്.

4.നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന മോഡൽ കരിയർ സെന്റർ പദ്ധതിയുടെ ഭാഗമായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ വികസനം ലക്ഷ്യം വച്ച് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മേൽ ഉദ്യോഗാർത്ഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മികവാർന്ന പരിശീലനങ്ങളിലൂടെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള കോച്ചിങ് കം ഗൈഡൻസ് സെന്ററുകൾ മുഖേന പത്ത് മാസം നീണ്ടു നിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലനം നൽകി വരുന്നുണ്ട്.

സംസ്ഥാനത്തിന്റെ നൈപുണ്യ വികസന നിലവാരം ഉയർത്തുന്നതിന് പ്രധാന ചാലക ശക്തിയായി നിൽക്കുന്നത് വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ/സ്വകാര്യ ഐ.ടി.ഐ-കളാണ്. ഉന്നത നിലവാരത്തിൽ പ്രവർത്തിക്കുന്ന 104

| | | | |
|---|---|---|---|
| | | | സർക്കാർ ഐ.ടി.ഐ കൾ, 44 എസ്.സി.ഡി.ഡി ഐ.ടി.ഐ കൾ, 2 എസ്.റ്റി.ഡി.ഡി ഐ.ടി.ഐ കൾ, 250-ഓളം സ്വകാര്യ ഐ.ടി.ഐ.-കൾ എന്നിവയിലൂടെ വർഷം തോറും ഏകദേശം 50,000 ത്തോളം ട്രെയിനികൾ പരിശീലനം പൂർത്തിയാക്കുന്നുണ്ട്. സംസ്ഥാനത്തെ യുവജനങ്ങൾക്ക് നൈപുണ്യത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് ജില്ല അടിസ്ഥാനത്തിൽ തൊഴിൽ മേള, അപ്രന്റീസ് മേള എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ സംരംഭകത്വ പരിശീലനവും സിലബസിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ (KASE) ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായ ഒഡെപെക് കഴിഞ്ഞ നാല് പതിറ്റാണ്ടായി വിദേശ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രശംസനീയമായ രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. വിദേശ തൊഴിൽ ദാതാക്കളുടെ ആവശ്യാനുസരണം വരുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ ഒഡെപെകിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്. വിദേശ തൊഴിൽ ആഗ്രഹിക്കുന്ന യോഗ്യരായ ഉദ്യോഗാർത്ഥി കൾക്ക് വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്ത് ഇന്റർവ്യൂകളിൽ പങ്കെടുത്ത് തൊഴിലവസരം നേടിയെടുക്കാവുന്നതാണ്. |
| (സി) | സ്ത്രീകളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സ്ത്രീകളിലെ ഉൾപ്പെടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് അഞ്ച് സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**1. കെസ്റ്റ് (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)**<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 50-നും മധ്യേയുള്ളതും കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും ഈ പദ്ധതി പ്രകാരം |

സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പരമാവധി 1,00,000/- രൂപ വായ്പയായി അനുവദിക്കുന്നു. വായ്പത്തുകയുടെ 20% സബ്സിഡിയായി സംരംഭകന്റെ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.

**2. മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള, തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്. പ്രായപരിധി 21-നും 45-നും മധ്യേയുള്ളതും (പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് 3 വർഷവും, പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷി ക്കാരായ ഉദ്യോഗാർത്ഥികൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.) കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയിൽ കവിയാത്തവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജോബ് ക്ലബ്ബിലും തെരഞ്ഞെടുക്കുന്ന തൊഴിൽ അനുസരിച്ച് 2 പേരിൽ കുറയാത്ത അംഗങ്ങൾ വീതം ഉണ്ടായിരിക്കണം. ഒരു ജോബ് ക്ലബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. പദ്ധതി ചെലവിന്റെ 25% (പരമാവധി 2 ലക്ഷം രൂപ) സബ്സിഡിയായി അനുവദിക്കുന്നതാണ്. വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക ജോബ് ക്ലബ്ബുകളുടെ ലോൺ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്.

**3. ശരണ്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്ത 18-നും 55-നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് 50,000/- രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് പരിശോധിച്ച്

ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 50,000/- രൂപയ്ക്ക് മുകളിലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് റേറ്റിൽ പലിശ ഈടാക്കുന്നതാണ്. സംരംഭം നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50%-മെങ്കിലും തിരിച്ചടച്ചവർക്ക്, സംരംഭം വിപുലീകരിക്കുന്നതിന് ആദ്യ വായ്പ തുകയുടെ 80% കവിയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

**4. കൈവല്യ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാലു ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി [അൻപത് ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. പ്രോജക്റ്റിന് ആവശ്യമെന്ന് കണ്ടാൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്.

**5. നവജീവൻ**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായപരിധിയ്ക്കുള്ളിലുള്ള മുതിർന്ന പൗരന്മാർക്കായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ വിവിധ ധനകാര്യസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി നവജീവൻ എന്ന പേരിൽ ഒരു പുതിയ സ്വയംതൊഴിൽ പദ്ധതി സ.ഉ(കൈ) നം. 59/2020/തൊഴിൽ, തീയതി 28/12/2020 സർക്കാർ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50000/-രൂപ

| | | | |
|---|---|---|---|
| | | | (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12500/-രൂപ ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50-65 പ്രായപരിധിയിലുള്ളതും വ്യക്തിഗത വാർഷിക വരുമാനം, ഒരു ലക്ഷം രൂപയിൽ കവിയാത്ത എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും ഈ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത /ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കേരള ബാങ്ക് മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിക്കാവുന്നതാണ്.<br><br>വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന 104 സർക്കാർ ഐ.ടി.ഐ കളിൽ 14 എണ്ണം വനിതകൾക്ക് വേണ്ടി ഉള്ളതാണ്. കൂടാതെ മറ്റ് എല്ലാ ഐ.ടി.ഐ കളിലും 30% സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്.<br><br>സൗദി അറേബ്യ, യു.എ.ഇ, ജർമ്മനി, ബെൽജിയം, യു.കെ തുടങ്ങിയ രാജ്യങ്ങളിലെ സർക്കാർ ആരോഗ്യ മേഖലകളിലുണ്ടാകുന്ന വിവിധ ഒഴിവുകളിലേയ്ക്ക് ഒഡെപെക് വഴി തൊഴിൽ നേടാവുന്നതാണ്. ഈ രാജ്യങ്ങളിലേക്കാവശ്യമായ ജർമ്മൻ, ഡച്ച്, IELTS, OET തുടങ്ങിയ ഭാഷകൾ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാഷാ പരിശീലന കേന്ദ്രങ്ങളിൽ ലഭ്യമാക്കിക്കൊടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ

സ്റ്റേറ്റ് സ്കിൽ സെക്രട്ടറിയേറ്റ് എന്ന നിലയിൽ നൈപുണ്യ വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ നൈപുണ്യ വികസന ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോട് കൂടി വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങളാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ. ജില്ലാ തലങ്ങളിൽ പ്രാദേശിക തൊഴിൽ സങ്കീർണതകൾ പരിഹരിക്കുന്നതിനായി തൊഴിൽ ദാതാക്കളുടെ ആവശ്യങ്ങളും തൊഴിലന്വേഷകരുടെ മുൻഗണനകളും കണക്കിലെടുത്ത് മികച്ച രീതിയിൽ നൈപുണ്യ പരിശീനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് ജില്ലാ തലത്തിൽ ഒരു സ്ഥിരം സംവിധാനം എന്ന നിലയിലാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളെ വിഭാവനം ചെയ്തിട്ടുള്ളത്.

നിലവിൽ കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക, കോഴിക്കോട് ജില്ലയിലെ പാളയം, പാലക്കാട് ജില്ലയിലെ കുറ്റനാട്, കൊല്ലം ജില്ലയിലെ ചവറ, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് തുടങ്ങിയ സ്ഥലങ്ങളിലാണ് ജില്ലാ നൈപുണ്യ വികസന കേന്ദ്രം പ്രവർത്തിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രത്തിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കൂടാതെ എറണാകുളം, ആലപ്പുഴ ജില്ലകളിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിനായുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ജില്ലാ നൈപുണ്യ വികസന കേന്ദ്രം തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങളിൽ പ്രാദേശികമായി യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾക്കുതകുന്ന നൈപുണ്യ ശേഷി ഉറപ്പുവരുത്തുന്നതിന് സംസ്ഥാന നൈപുണ്യ വികസന മിഷൻ എന്ന നിലയിൽ വിവിധ ഏജൻസികളുമായി ചേർന്ന് പരിശീലന പരിപാടികൾ ആവിഷ്കരിച്ച് വരുന്നു.

2. **‘പ്രതീക്ഷ’**

കലഹരണപ്പെട്ടതും കലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും പ്രവർത്തിച്ചിരുന്നവരെയും നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് 'പ്രതീക്ഷ' എന്ന ഒരു എന്നൊരു പ്രത്യേക

നൈപുണ്യപദ്ധതി കെയ്സ് വഴി ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. ഈപ്രകാരം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും, പ്രവർത്തിച്ചിരുന്നവരെയും കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനോ, അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. 2023 ൽ ആരംഭിച്ച ഈ പദ്ധതി വഴി കൈത്തറി മേഖലയിൽ 60 വനിതകൾക്ക് സ്ഥിര വരുമാനം ലഭ്യമാകുന്ന തരത്തിലുള്ള നൈപുണ്യ പരീശീലനം നൽകിക്കഴിഞ്ഞു.

3. **മികവിന്റെ കേന്ദ്രങ്ങൾ**

പരിശീലന നിലവാരം ഉയർത്തുന്നതിനും ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും ഉയർന്നുവരുന്ന നൈപുണ്യ വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനും, പരിശീലനവും - ഗവേഷണവും വ്യാവസായിക ആവശ്യങ്ങളുമായി യോജിപ്പിക്കുന്നതിനും, വ്യവസായവുമായി സഹകരിച്ച് സ്ഥാപിക്കുന്ന അല്ലെങ്കിൽ പ്രവർത്തിക്കുന്ന ഒരു റിസോഴ്സ് സെന്റർ എന്ന നിലയിലാണ് നൈപുണ്യ ആവാസവ്യവസ്ഥയിൽ മികവിൻറെ കേന്ദ്രത്തെ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ഒരു മികവിന്റെ കേന്ദ്രമെന്നാൽ തെരഞ്ഞെടുക്കപ്പെട്ട മേഖലയിലെ ആവാസവ്യവസ്ഥയുടെയും, വിജ്ഞാന മാനേജ്മെന്റിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ അത്യാധുനിക കേന്ദ്രം സ്ഥാപിക്കാൻ തയ്യാറുള്ള ഒരു കമ്പനിയായോ, സമൂഹമായോ നിർവചിക്കപ്പെടും. ഉയർന്ന വളർച്ചാ സാധ്യതയുള്ള മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ കമ്പനികൾ, സ്ഥാപനങ്ങൾ, പൊതു-സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നത് അതിവേഗം വളർന്നുവരുന്ന മേഖലകളിൽ പരിവർത്തനത്തിന് നേതൃത്വം നൽകാനും പരിവർത്തനം ചെയ്യാനും കഴിവുള്ള ഒരു മികച്ച ടാലന്റ് പൂൾ സൃഷ്ടിക്കുന്നതിനുള്ള ഏക മാർഗമാണ്.

3. **അക്രെഡിറ്റഡ് സ്ഥാപനങ്ങൾ**

നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾക്കനുസൃതമായി നൈപുണ്യ മേഖലയിലെ പരിശീലന കേന്ദ്രങ്ങൾക്ക് കെയ്സ് അംഗീകാരം നൽകുന്ന പ്രക്രിയയാണ് അക്രെഡിറ്റേഷൻ. ഒരു പരിശീലന കേന്ദ്രത്തിന് അംഗീകാരം ലഭിക്കുന്നതിനായി കെയ്സിന്റെ അക്രെഡിറ്റേഷൻ

മാർഗ്ഗ നിർദ്ദേശങ്ങളിൽ നൽകിയിരിക്കുന്ന ഗുണനിലവാരം, സൗകര്യങ്ങൾ, പ്രോഗ്രാമുകൾ എന്നിവ നൈപുണ്യ പങ്കാളികൾ ഉറപ്പുവരുത്തേണ്ടതാണ്. ഉന്നത നിലവാരത്തിലുള്ള തൊഴില് പരിശീലനം നല്കുന്ന സ്ഥാപനങ്ങൾക്ക് KASE-ന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലന പദ്ധതികൾ മികച്ച നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും, തൽഫലമായി മികച്ച ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാനുള്ള അവസരവും, ഈ കോഴ്സുകൾ പൂര്ത്തിയാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മികച്ച തൊഴിൽ അവസരങ്ങൾ അതാത് മേഖലയിൽ വിവിധ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുവാനും സഹായകമാകുന്നു.